# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSADTVM/GP5/897/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/07/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSADTVM/GP5/897/2021 തീയ്യതി: 02/07/2021

## തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതകുമാരി എം, ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽകുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വിശാലത, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ കോസലരാമദാസ് കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ലിപു എസ്.ലോറൻസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വെള്ളനാട് ശശി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി നൂർജഹാൻ | സെക്രട്ടറി | 01-04-2019 | 22-05-2019 |
| ശ്രീമതി ബീന.സി.പി | സെക്രട്ടറി | 23-05-2019 | 18-07-2019 |
| ശ്രീമതി.ഹേമലത | സെക്രട്ടറി | 19-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബീന.സി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 09-12-2019 |
| ശ്രീമതി. ദീപ പുരുഷോത്തമൻ | അസിസ്റ്റന്റ് സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീ.ഉല്ലാസ് | അഗ്രികൾച്ചർ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജയകുമാർ.പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി.ശാന്തിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ലേഖ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.സതീഷ് കുമാര് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 15-08-2019 |
| ശ്രീ.ഷൈൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 16-08-2019 | 31-03-2020 |
| ഡോ.ചാന്ദിനി | വെറ്റിനറി സർജൻ | 01-04-2019 | 11-08-2019 |
| ഡോ.ഭദ്ര | വെറ്റിനറി സർജൻ | 12-08-2019 | 31-03-2020 |
| ഡോ.കുമാരി.വി.എസ് അജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 12-12-2019 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 13-12-2019 | 16-02-2020 |
| ഡോ.രാജി | മെഡിക്കൽ ഓഫീസർ | 17-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| | (ആയുർവേദം) | | |
| ശ്രീമതി.ശ്യാമിനി.വി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-10-2019 | 31-03-2020 |
| ശ്രീ.രാജഗോപാൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 28-01-2020 |
| ശ്രീ.എസ്.ജയകുമാര് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി.ഉഷ | ഹെഡ്മാസ്റ്റർ | 01-06-2019 | 31-03-2020 |
| ശ്രീമതി.ലത്തീഫ ബീഗം | വില്ലേജ് എക്സ്റ്റൻ ഓഫീസർ (സർക്കിൾ - 2) | 01-04-2019 | 08-07-2019 |
| ശ്രീ.രാജഗോപാൽ | വില്ലേജ് എക്സ്റ്റൻ ഓഫീസർ (സർക്കിൾ - 1) | 01-04-2019 | 28-01-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathakumari M (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-2-1 |
| 4 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-2-2 |
| 5 | ആസ്തിയേക്കാൾ കൂടുതൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Lipu Lawrence (Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം<br>Written By: Lipu Lawrence (Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: AnilKumar R (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-6 |
| 10 | കാഷ് വെരിഫിക്കേഷൻ<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-7 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-9 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-10 |
| 14 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Viswalatha V.L (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-11 |
| 15 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തികളിലെ അപാകതകൾ<br>Written By: AnilKumar R (Senior Grade Auditor, On 28-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-12 |
| 16 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: AnilKumar R (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-13 |

| | | |
|---|---|---|
| 17 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-14 |
| 18 | മോണിറ്ററിംഗ് നിർവ്വഹിക്കുന്നില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-15 |
| 19 | കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കുന്നില്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-16 |
| 20 | പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കൽ-സർക്കാർ മാനദണ്ഡപ്രകാരമല്ല<br>Written By: Kosalaramadas.K (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-17 |
| 21 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Viswalatha V.L (Senior Grade Auditor, On 29-06-2021)<br>Last Updated By: Viswalatha V.L (Senior Grade Auditor, On 29-06-2021) | 1-18 |
| 22 | വാടക - രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല<br>Written By: Viswalatha V.L (Senior Grade Auditor, On 29-06-2021)<br>Last Updated By: Viswalatha V.L (Senior Grade Auditor, On 29-06-2021) | 1-19 |
| 23 | രസീത് പരിശോധന - അപാകതകൾ<br>Written By: Viswalatha V.L (Senior Grade Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-20 |
| 24 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-21 |
| 25 | മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതികളിലെ അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-22 |
| 26 | അസറ്റ് രജിസ്റ്റർ കാലികമല്ല.<br>Written By: Lathakumari M (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-23 |
| 27 | വിനിയോഗ സാക്ഷ്യപത്റം ലഭ്യമാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 29-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: AnilKumar R (Senior Grade Auditor, On 30-06-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: AnilKumar R (Senior Grade Auditor, On 30-06-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 02-07-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

വെള്ളനാട്ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 27-02-19ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. 350434780/- രൂപ വരവും, 363459040/- രൂപ ചെലവും, 4985850/- രൂപ നീക്കിയിരിപ്പും, പ്രതീക്ഷിക്കുന്ന ബജറ്റ് ആണ്അംഗീകരിച്ചത്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 17.06.2020 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ തുകകൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | വരവ്/ ചെലവ് | രജിസ്റ്റർ പ്രകാരം | എ എഫ് എസ് പ്രകാരം |
|---|---|---|---|
| ബിഡ്ഡേഴ്സ് ഇ എം ഡി | മുന്നരിപ്പ് | 552568 | 41428 |
| | ചെലവ് | 255827 | 387114 |
| | നീക്കിയിരിപ്പ് | 311941 | 29514 |
| ഓക്ഷൻ ഡെപ്പോസിറ്റ് | വരവ് | 110526 | 140526 |
| | ചെലവ് | 15088 | 45088 |
| കോൺട്രാക്ടേഴ്സ് ഇ എം ഡി | ചെലവ് | 133787 | 0 |
| | നീക്കിയിരിപ്പ് | 243527 | 377314 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | മുന്നിരിപ്പ് | 78000 | 68000 |
| | നീക്കിയിരിപ്പ് | 74041 | 64041 |

### 1-2-2 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

മൂന്ന മാസം കഴിഞ്ഞും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമം പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൌണ്ട് നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| ട്രഷറി ടി എസ് ബി | 2786090 | 07.07.2019 | 6368 |
| | 2786090 | 09.07.2019 | 440 |
| | 5286856 | 13.11.2017 | 3000 |

| | | | |
|---|---|---|---|
| എസ് ബി ഐ തനതു ഫണ്ട് | 500149 | 20.08.2019 | 4529 |
| | 500152 | 20.08.2019 | 3820 |
| | 248255 | 27.02.2019 | 1201 |
| | - | 01.06.2019 | 100 |
| | 500156 | 22.08.2019 | 380 |
| ആക്സിസ് ബാങ്ക് അക്കൌണ്ട് | 992289 | 20.08.2019 | 12009 |
| | 992288 | 26.07.2019 | 26931 |

## 1-2-3 ആസ്തിയേക്കാൾ കൂടുതൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു

2019 - 20 ലെ എ എഫ് എസ് ന്റെ ബി 11 ഷെഡ്യൂളിന്റെ ഫിക്സഡ് അസറ്റ് (Other Fixed Assets) മൂല്യം 3493467/- രൂപയാമെങ്കിലും അതിന്റെ ഡിപ്രീസിയേഷൻ അതിനേക്കാൾ കൂടിയ തുകയായ 3521160/- രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു. അപാകം വിശദീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11317906 |
| വരവ് | 172165205 |
| ആകെ | 183483111 |
| ചെലവ് | 161685855 |
| നീക്കിയിരിപ്പ് | 21797256 |

## 1-4 ഗ്രാന്റ് വിനിയോഗം

ഓഡിറ്റ് വർഷം സ്ഥാപനത്തിന് ലഭ്യമായ വിവിധ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12870719 | 12870719 | 11776260 | 1094459 | ലാപ്സ് ആയതായി കാണിച്ചിട്ടുള്ള തുകയിൽ496395/- രൂപ ക്യൂ ബിൽ ആണ്. |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 1061882 | 1061882 | 75000 | 986882 | |
| വികസനഫണ്ട്(.എസ്.സി.പി) | 0 | 4968471 | 4968471 | 2221117 | 2747354 | ലാപ്സ് ആയതായി കാണിച്ചിട്ടുള്ള തുകയിൽ 418276/-രൂപ ക്യൂ ബിൽ ആണ്. |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 14579594 | 14579594 | 12343281 | 2236313 | ലാപ്സ് ആയതായി കാണിച്ചിട്ടുള്ള തുകയിൽ 418276/- രൂപ ക്യൂ ബിൽ ആണ് 2234402 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9947000 | 9947000 | 8697175 | 1249825 | ലാപ്സ് ആയതായി കാണിച്ചിട്ടുള്ള തുകയിൽ 1222340/- രൂപ ക്യൂ ബിൽ ആണ് |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5522000 | 5522000 | 3723638 | 1798362 | ലാപ്സ് ആയതായി കാണിച്ചിട്ടുള്ള |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തുകയിൽ 1300359/- രൂപ ക്യൂ ബിൽ ആണ് |
| ശുചിത്വ മിഷൻ ഗ്രാന്റ് | 931745 | 689759 | 1621504 | 889631 | 731873 | |
| എം എൻ ആർ ഇ ജി എസ് | 9095 | 41581946 | 41591041 | 40938724 | 652317 | |
| എസ് എസ് എ | 400000 | 0 | 400000 | 0 | 400000 | |
| വിമുക്തി | 0 | 25000 | 25000 | 25000 | 0 | |
| ഐ സി ഡി എസ് | 262828 | 685345 | 948173 | 918632 | 29541 | |
| ലൈഫ് മിഷൻ | 0 | 32900000 | 32900000 | 29600000 | 3300000 | |
| ലിറ്ററസി മിഷൻ | 1181 | 30 | 1211 | 0 | 1211 | |
| സംയുക്ത പദ്ധതി (ബ്ളോക്ക്) | 31400 | 4137847 | 4169247 | 3564473 | 604774 | |
| സംയുക്ത പദ്ധതി (ജില്ല പഞ്ചായത്ത്) | 68588 | 2991250 | 3059838 | 2991250 | 68588 | |
| സംയുക്ത പദ്ധതി (ഗ്രാമപഞ്ചായത്ത് ) | 50 | 0 | 50 | 0 | 50 | |
| കെ യു ആർ ഡി എഫ് സി | 49786232 | 21869768 | 71656000 | 5750000 | 65906000 | |
| റർബൻ മിഷൻ | 768289 | 42422648 | 43190937 | 23690740 | 19500197 | |

ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല .സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയ വാർഷിക ധനകാര്യ പത്രികയിലെ തുകയാണ് ചെലവായി എടുത്തിട്ടുള്ളത്.ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു.പ്രസ്തുത വ്യത്യാസം വിശദീകരിച്ച് പൊരുത്തപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

| ഇനം | ACR പ്രകാരമുള്ള തുക | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് ജനറൽ | 11776260 | 17976541 |
| വികസനഫണ്ട്(എസ്.സി.പി) | 2221117 | 2544646 |
| വികസനഫണ്ട്(ടി.എസ്.പി) | 75000 | 119118 |

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 1586010 | 3 | 242000 | 1 | 2 | 40% |
| 2 | വെറ്റിനറി സർജൻ | 5 | 3487300 | 5 | 1635550 | 1 | 0 | 80% |
| 3 | മെഡിക്കൽ ഓഫീസർ CHC | 3 | 1270150 | 3 | 985310 | 1 | 0 | 66% |
| 4 | മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 875000 | 3 | 875000 | 0 | 0 | 100% |
| 5 | വി.ഇ.ഒ | 13 | 108556890 | 9 | 63405768 | 8 | 4 | 7.69% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5101180 | 6 | 4431926 | 4 | 4 | 20% |
| 7 | സെക്രട്ടറി | 48 | 29689563 | 34 | 23762137 | 4 | 14 | 62.5% |
| 8 | ഹെഡ്മാസ്റ്റർ എൽ.പി.എസ് | 2 | 400000 | 1 | 300000 | 0 | 1 | 50% |
| 9 | ഡയറിഫാം | 3 | 4941000 | 3 | 194300 | 3 | 0 | 100% |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഇൻസ്പെക്ടർ | | | | | | | |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ LSGD | 60 | 33230157 | 37 | 19374447 | 3 | 23 | 56% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 5936539 | 5 | 642446 | 5 | 6 | 0% |
| ആകെ | | | | | | | | |

വി.ഇ.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.സെക്രട്ടറി എന്നിവരുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ചെലവ് ശതമാനം വളരെ കുറഞ്ഞതിന്റേയും ചെലവ് ഇല്ലാതെ വന്നതിന്റേയും കാരണം വിശദീകരിക്കേണ്ടതാണ്. പദ്ധതി വിഹിതം ഇപ്രകാരം ലാപ്സാവുന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് പത്രിക (വാർഷിക ധനകാര്യപത്രിക പ്രകാരം )

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9095 | 1860946 | 1870041 | 1217724 | 652317* |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39721000 | 39721000 | 39721000 | 0 |
| 100 തൊഴിൽ ദിനം പൂർത്തീയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 812000 | 812000 | 812000 | 0 |
| ആകെ | 9095 | 42393946 | 42403041 | 41750724 | 652317 |

*1. 31.03.2021-ലെ നീക്കിയിരുപ്പ് ക്യാഷ് ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുക(652796.84) വാർഷിക ധനകാര്യപത്രികയിലെ തുകയുമായി (652317) പൊരുത്തപ്പെടുന്നില്ല.

2.എം.ജി.എൻ.ആർ.ഇ.ജി.എസ് ഇ.എഫ്.എം.എസ് സ്റ്റേമെന്റ് പ്രകാരമുള്ള തുകയും (ഭരണചെലവുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്) (41577450) വാർഷിക ധനകാര്യപത്രിക I-6, I-14(A) -യിലെ തുകയും ( 40938724) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-7 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-06-2021ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4792/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 554160 | 421 |
| കർഷകതൊഴിലാളി പെൻഷൻ | 3687000 | 503 |
| വിധവാപെൻഷൻ | 11361600 | 1535 |
| വാർദ്ധക്യകാലപെൻഷൻ | 22407300 | 2793 |
| വികലാംഗപെൻഷൻ | 3270200 | 417 |
| വിവാഹ ധനസഹായം | 270000 | 9 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 849600 | 107 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 6.3.2021&8.3.2021 | 2/21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 25.3.2018 & 23.4.2015 | 2010-11 മുതൽ 2014-15 | 19.06.2015 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്.ശ്രദ്ധയിൽ വന്ന ഏതാനംഅപാകങ്ങൾ ചുവടെ ചേർക്കുന്നു.അയവയുടെ വിശദാംശം വിവിധ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1. 29.01.2018-ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്.

2. 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ വെള്ളനാട് ഗ്രാമപഞ്ചായത്തിൽ ടി നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. അസറ്റ് രജിസ്റ്റർ കാലികമല്ല.
മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - അപാകതകൾ

തൊഴിൽ നികുതി സംബന്ധിച്ച തൊഴിൽ നികുതി രജിസ്റ്ററും സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന ലിസ്റ്റുകളുമാണ് ഓഡിറ്റിനായി നൽകിയിരുന്നത്, ആയവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം. 9/22.06.2021) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ നികുതി രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ പട്ടിക അപൂർണ്ണമാണ്.

2.തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളായ ഐ കെ എം, എസ് സി ഓഫീസ്, സാരാഭായ് കോളേജ്, കുടുംബശ്രീ, സിൻഡിക്കേറ്റ് ബാങ്ക്, വെള്ളനാട് മിൽക്ക് സൊസൈറ്റി, പോബ്സ് ഗ്രാനൈറ്റ്സ് എന്നീ സ്ഥാപനങ്ങളുടെ സ്ഥാപന ഉടമ സമർപ്പിച്ച ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ അർദ്ധവാർഷിക വരുമാനം തുക സംബന്ധിച്ച വ്യക്തത വരുത്താൻ സാധിച്ചിട്ടില്ല.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ നികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. പഞ്ചായത്തിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല.

5. പല സ്ഥാപനങ്ങളും രണ്ടാം അർദ്ധ വർഷ നികുതി അടവാക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല.

ഉദാ - ഗവ .വി എച്ച് എസ് എസ് (എച്ച് എസ് സെക്ഷൻ) വെള്ളനാട്, ഗവ. വി എച്ച് എസ് എസ് വെള്ളനാട്, വെള്ളനാട് റൂറൽ ഹൌസിംഗ് സൊസൈറ്റി, ട്രിവാൺട്രം കോ ഓപ്പറേറ്റീവ് ബാങ്ക്, സൻജ്ജീവനി ക്ലിനിക്ക്, വെള്ളനാട് ബ്ലോക്ക് എം ജി എൻ ആർ ഇ ജി എസ് തുടങ്ങിയവ.

6. സ്ഥാപന ഉടമകൾ സമർപ്പിക്കുന്ന ലിസ്റ്റിലെ തുകയും, രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | രജിസ്റ്ററിലെ തുക | ലിസ്റ്റിലെ തുക |
|---|---|---|
| ഗവ. ട്രൈബൽ എൽ പി എസ്സ്, പെരിഞ്ഞാറമൂല.II Nd Half | 5000/- | 5750/- |
| ഗവ. ട്രൈബൽ എൽ പി എസ്സ്, മുണ്ടേല. II Nd Half. | 5750/- | 5500/- |
| SBI, II Nd Half. | 8750/- | 10000/- |
| AE, LSGD Vellanad, I St Half. | 5000/- | 3750/- |
| മുത്തൂറ്റ് മൈക്രോ ഫിനാൻസ്, II Nd Half. | 13700/- | ലിസ്റ്റ് പൂർണ്ണമല്ല |
| ഗ്രാമ ന്യായാലയ് | 1250/- | 600/- |

7. CHC രണ്ടാം അർദ്ധ വർഷ നികുതി 52,500/ രൂപ അടവാക്കിയതായി കാണിച്ചിട്ടുണ്ടെങ്കിലും, ആകെ 40,000/- രൂപയുടെ രേഖപ്പെടുത്തലുകൾ മാത്രമേ വരുത്തിയിട്ടുള്ളൂ.

8. രജിസ്റ്ററിലെ ഉദ്യോഗസ്ഥരുടെ പേരുവിവരം, ലിസ്റ്റിലെ പേരുകളുമായി പലപ്പോഴും പൊരുത്തപ്പെട്ടു പോകുന്നില്ല.

## 1-12 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തികളിലെ അപാകതകൾ

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ ത.സ്വ.ഭ.വ. തീയതി 23.08.2017 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1.ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളൂ(ഗുണഭോക്തൃസമിതി രൂപീകരണം, കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ്) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ എന്നിവ ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2.കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

3.മസ്റ്റർ റോൾ പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ.ഉഴമലയ്ക്കൽ എൽ.പി സ്കൂൾ മെയിന്റനൻസ്(94/20)

4. പ്രവൃത്തികൾക്കായി വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ചെലവ് ബിൽ/വൗചറുകൾ, ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ.ഉഴമലയ്ക്കൽ എൽ.പി സ്കൂൾ മെയിന്റനൻസ്(94/20), ശങ്കരമുഖം എൽ.പി.എസ് -ൽ ഓഫീസ് കെട്ടിടം(125/20(സ്പിൽ ഓവർ)

പ്രസ്തുത അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-6/2021-ന് മറുപടി ലഭ്യമാക്കിയെങ്കിലും അപാകതകളെ സംബന്ധിച്ച് പൂർണ്ണമായും മറുപടി ലഭ്യമാക്കിയിട്ടില്ല.വരും വർഷങ്ങളിൽ ഇത്തരത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്.ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെ ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിലേക്കുള്ള വരവിനമായ കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-8/2021-ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ

നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്നും അസി.എഞ്ചിനിയർ അറിയിച്ചു.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-14 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കുന്നില്ല.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെട്ടുപ്പ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം 5/21 21.06.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനിടയിൽ കോവിഡ്-19 മഹാമാരി ഉണ്ടായതിനാലാണ് ഗുണഭോക്താക്കളുടെ മുൻഗണനക്രമം പാലിക്കാതെ ആനുകൂല്യം നൽകിയത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. കോവിഡ് വ്യാപനം ഉണ്ടാകുന്നതിന് മുമ്പാണ് 2019-20 പദ്ധതിക്കായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടിയിരുന്നത്. ആയതിനാൽ മേൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പദ്ധതി | പദ്ധതി നം | അടങ്കൽ | ചെലവ് | ഗുണഭോക്താക്കൾ |
|---|---|---|---|---|---|
| 1 | വീട്ടുവളപ്പിൽ പച്ചക്കറി കൃഷി (വനിത) | 71/19-20 | 200000 | 150000 | 181 |
| 2 | ഹരിതഭവനം | 69/19-20 | 545760 | 42000 | 69 |
| 3 | പച്ചക്കറി കൃഷി ,എസ്.സി.പി(വനിത) | 123/19-20 | 50000 | 50000 | 14 |

മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-15 മോണിറ്ററിംഗ് നിർവ്വഹിക്കുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ വെള്ളനാട് ഗ്രാമപഞ്ചായത്തിലെ കൃഷി വർക്കിംഗ് മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യം ഗൗരവത്തിലെടുക്കേണ്ടതും മോണിറ്ററിംഗ് കൃത്യമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതമാണ്.

## 1-16 കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കുന്നില്ല

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു.കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി ഫയലുകളിൽ ഇത്തരത്തിൽ പദ്ധതി പൂർത്തീകരണപത്രം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. . പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദശിച്ചിരിക്കുന്നവിധത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ആവശ്യമായ നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ കൈക്കൊള്ളേണ്ടതാണ്.

## 1-17 പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കൽ-സർക്കാർ മാനദണ്ഡപ്രകാരമല്ല

സ.ഉ (സാധാ) നം.553/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പാലിയേറ്റിവ് പരിചരണത്തിനും ഹോം കെയറിനുമായി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗമായി നടപ്പാക്കാത്ത അനിവാര്യ ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.എല്ലാ വാർഡിലും വാർഡ്തല ആരോഗ്യ അവലോകന സമിതി രൂപീകരിച്ചിട്ടില്ല.

3.പരിചരണം ആവശ്യമായവരുടെ ഓരോ യൂണിറ്റിനും ഹോം കെയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4.ദീർഘകാല രോഗികൾക്ക് ഓ.പി ടിക്കറ്റിന് പകരം ചികിത്സാ രേഖ നൽകിയിട്ടില്ല.

5.രോഗികൾക്ക് പരിചരണ സാമഗ്രികൾ (വാട്ടർ ബെഡ്,എയർ ബെഡ്,വീൽ ചെയർ,കമ്മോഡ് ചെയർ,എയർ കുഷൻ) കെയർ യൂണിറ്റ്/സബ് സെന്റർ/വാർഡ് തലത്തിൽ നൽകിയിട്ടില്ല.

6.പാലിയേറ്റീവ് കെയർ പരിചരണത്തിന് സാമൂഹ്യക പിന്തുണ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

7.ധനാഗമ മാർഗ്ഗങ്ങൾ,ഹോം കെയർ ടീം,ഹോം കെയർ റിപ്പോർട്ട് ബുക്ക്,ഭക്ഷണച്ചെലവ്,ഹോം കെയർ കിറ്റ്,പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റി ഗ്രാമപഞ്ചായത്ത്തല യോഗം,പുനരധിവാസ പ്രവർത്തനങ്ങൾ,വിഭവ സമാഹരണം -രസീതി രജിസ്റ്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8.മോണിറ്ററിംഗ്-ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾക്കായി 21.06.2021ൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.3 ന് മറുപടി ലഭ്യമാക്കിയെങ്കിലും മേൽ ഉത്തരവ് പ്രകാരമുള്ള രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.ടി വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

ആയുർവ്വേദ മെഡിക്കൽ ഓഫീസർ 2019-20 സാമ്പത്തിക വർഷം 3 പ്രോജക്ടുകൾ നടപ്പിലാക്കി. എന്നാൽ ക്യാമ്പു നടത്തിയതിന്റേയും, മരുന്നു വാങ്ങിയതും സംബന്ധിച്ച് മോണിറ്ററിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ നിർദ്ദേശ പ്രകാരം പദ്ധതി രൂപീകരണ ശേഷം മോണിറ്ററിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

## 1-19 വാടക - രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

വാടക സംബന്ധിച്ച ഫയലുകളും മറ്റു രേഖകളും ആവശ്യപ്പെട്ടിരുന്നെങ്കിലും, രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി (നം.17/24.06.2021) പ്രകാരം 2018-19, 2019-20 എന്നീ വർഷങ്ങളിലെ വാടക സംബന്ധിച്ച DCB, വാടകയുമായി ബന്ധപ്പെട്ട കരാർ ഉൾപ്പെടെയുള്ള ഫയൽ, വാടകയ്ക്ക് നൽകിയിരിക്കുന്ന കടകളുടേയും, മറ്റ് സ്ഥാപനങ്ങളേയും സംബന്ധിക്കുന്ന രജിസ്റ്റർ, വാടകകുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കാനായി സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച രേഖകൾ എന്നിവ ആവശ്യപ്പെട്ടിരുന്നെങ്കിലും, ഏതാനും വാടക കരാറുകളും, വാടകകുടിശ്ശിക ആയവർക്ക് നൽകിയ നോട്ടീസുകളും മാത്രമാണ് ലഭ്യമാക്കിയത്. വാടകയ്ക്ക് നൽകിയിരിക്കുന്ന കടകളുടേയും, മറ്റ് സ്ഥാപനങ്ങളേയും സംബന്ധിക്കുന്ന പൂർണ്ണമായ രേഖകൾ ലഭ്യമാകാത്തതിനാൽ ആയവ പരിശോധിക്കാൻ സാധിച്ചില്ല.

## 1-20 രസീത് പരിശോധന - അപാകതകൾ

രസീത് ബുക്കുകൾ പരിശോധിച്ചതിൻ പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീത് ബുക്ക് ആർക്കാണ് നൽകുന്നത് ബുക്കിന്റെ പുറത്ത് രേഖപ്പെടുത്തിയിട്ടില്ല

2. രസീത് ബുക്കിലെ ഉപയോഗിക്കാത്ത പേജുകൾ ക്യാൻസൽ ചെയ്ത് രേഖപ്പെടുത്തലുകൾ വരുത്തിയിരുന്നില്ല. ഓഡിറ്റ് ചൂണ്ടിക്കാണിച്ച ശേഷമാണ് ആയവ ക്യാൻസൽ ചെയ്തത്.

3. രസീതിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| രസീത് ബുക്ക് നം | ലീഫ് നം | തുക | റിമാർക്ക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 13520 | 22 | 435/- | പിരിവ് രജിസ്റ്ററിൽ രണ്ട് തവണ രേഖപ്പെടുത്തിയിരിക്കുന്നു. |
| 46085 | 24 | 231/- | പിരിവ് രജിസ്റ്ററിലെ തുക450/- |
| 13521 | 9 | 550/- | ഒരേ തുക രണ്ട് രസീതുകളിൽ ഉൾപ്പെടുകയും, യഥാസമയം ക്യാൻസൽ ചെയ്യാതിരിക്കുകയും ചെയ്തു. ഓഡിറ്റ് എൻക്വയറി (നം 11/24.06.2021 നുള്ള മറുപടി പ്രകാരം) |
| 13521 | 11 | 550/- | |
| 13526 | 42 | 800/- | |

1-21 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ

1. പൂരക പോഷകാഹര പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭ്യമാക്കേണ്ടതാണ്.

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2019 – 20 ൽ പൂരക പോഷകാഹര പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാവർക്കും ലഭ്യമാക്കാൻ കഴിഞ്ഞില്ല. വിശദാംശം ചുവടെ ചേർക്കുന്നു. പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാവർക്കും ആവശ്യമായ അളവിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | | 6 മാസം മുതൽ 3 വയസ്സുവരെ | 3 വയസ്സ് മുതൽ 6 വയസ്സ് വരെ | കൗമാര ക്കാരായ പെൺ കുട്ടികൾ | മുലയൂട്ടുന്ന അമ്മമാർ | ഗർഭി ണികൾ |
|---|---|---|---|---|---|---|
| 1 | 2019 ഏപ്രിലെ സർവ്വേ പ്രകാരമുള്ള ഗുണഭോക്താക്കൾ | 663 | 1104 | 1415 | 160 | 194 |
| 2 | 2019-20ൽ അങ്കണ വാടിയിൽ രജസ്റ്റർ ചെയ്ത ഗുണഭോ ക്താക്കൾ | 256 | 318 | 74 | 65 | 156 |
| 3 | 2019-20ൽ പൂരക പോഷകാ ഹാരം വാങ്ങിയത് എത്ര പേർക്ക് വേണ്ടി എന്നത് | 256 | 318 | 74 | 65 | 156 |

2. അങ്കണവാടികളിലെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

അങ്കണവാടികളിൽ 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1,3.2.2, 3.2.3,3.4.2.,3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ ഇല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 6 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 5 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 5 | റോഡിനു സമീപത്ത് അല്ലാത്തവ | 13 |
| 6 | കളിസ്ഥലം ഇല്ലാത്തവ | 20 |
| 7 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 28 |
| 8 | മൂന്നുമുറിയെങ്കിലും ഇല്ലാത്തവ | 2 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 26 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 28 |
| 11 | വൈദ്യുതി ഇല്ലാത്തവ | 4 |
| 12 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | 28 |
| 13 | ഓരോ കുട്ടിക്കും മേശ ഇല്ലാത്തവ | 28 |
| 14 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 23 |
| 15 | കളിക്കോപ്പുകൾ ഇല്ലാത്തവ | 26 |
| 16 | ജലസംഭരണി ഇല്ലാത്തവ | 18 |

3. പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതാണ്

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/ തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ പദ്ധതി രൂപീകരണപത്രം തയ്യാറാക്കിയതിന്റെ വിവരം ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം 1/ 21.06.2021 പ്രകാരം പദ്ധതി പൂർത്തീകരണപത്രം തയ്യാറാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത പൂർത്തീകരണപത്രം തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഫയലിൽ ചേർത്തിട്ടില്ലെന്നും ഭാവിയിൽ അത് ഫയലിൽ സൂക്ഷിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ പ്രസ്തുത പൂർത്തീകരണപത്രം തയ്യാറാക്കി ഫയലിൽ സൂക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

4. കാഷ് ബുക്ക് ടി ആർ 7 എ യിൽ പരിപാലിക്കേണ്ടതാണ്

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. എന്നാൽ ഐ സി ഡി എസ് സൂപ്പർവൈസർ പരിപാലിക്കുന്ന കാഷ് ബുക്ക് ടി ആർ 7 എ ഫോറത്തിൽ അല്ല. സർക്കാർ നിർദ്ദേശപ്രകാരം കാഷ് ബുക്ക് പരിപാലിക്കാൻ ആവശ്യമായ നടപടികൾ സമയബന്ധിതമായി കൈക്കൊള്ളേണ്ടതാണ്.

5. സ്പീച്ച്, ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി നടപ്പാക്കേണ്ടതാണ്

14.02.2018ലെസർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018/ ത സ്വ ഭ വ പ്രകാരം അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും ഉള്ള കുട്ടികളിൽ സംസാര വൈകല്യം ഉൾപ്പെടെ വ്യത്യസ്ത വൈകല്യങ്ങൾ ഉള്ളവർക്കായി സ്പീച്ച്, ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി എന്നിവ ലഭ്യമാക്കാൻ മാസത്തിൽ രണ്ടു തവണയെങ്കിലും ഗ്രാമപഞ്ചായത്തുതലത്തിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനംക്രമീകരിക്കേണ്ടതുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി പൊതുവായ ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചും ഈ സേവനം ലഭ്യമാക്കാവുന്നതാണ്. കുട്ടികളെ രക്ഷിതാക്കൾ തന്നെ സെന്ററിലെത്തിക്കുന്ന തരത്തിൽ വിഭാവനം ചെയ്യുന്ന പദ്ധതിയിൽ ഓരോ സ്പെഷ്യലിസ്റ്റിനും ഓരോ സിറ്റിംഗിനും 1000/- രൂപ ക്രമത്തിൽ തുക വകയിരുത്തേണ്ടതും യോഗ്യതയുള്ള തെറാപ്പിസ്റ്റുകളെ നിയോഗിച്ച് സെന്ററുകൾ

തടസ്സമില്ലാതെ നടത്തേണ്ടതുമാണ്. ചെറുപ്പത്തിൽത്തന്നെ തെറാപ്പി ലഭ്യമാക്കിയാലേ തെറാപ്പികളുടെ ശരിയായ ഗുണം കുട്ടികൾക്ക് ലഭിക്കുകയുള്ളൂ എന്നതിനാൽ ഈ പദ്ധതിയ്ക്ക് മതിയായ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതിനിർവ്വഹണം ഇടയ്ക്കുവച്ച് നിറുത്തുന്നതും മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം തെറാപ്പിസ്റ്റുകളെ നിയമിക്കാതിരിക്കുന്നതും വഴി സമൂഹത്തിലെ അവശവിഭാഗത്തിന് അർഹമായ ആനുകൂല്യം നിഷേധിക്കുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ ഗ്രാമപ്പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് മേൽ ഉത്തരവ് പ്രകാരം ബ്ളോക്ക് തലത്തിൽ സെന്റർ സ്ഥാപിക്കുന്നതിനായി ശ്രമങ്ങൾ നടത്തേണ്ടതുണ്ടായിരുന്നു. എന്നാൽ അത്തരത്തിൽ ഒരു സെന്ററിനായി നടപടികൾ സ്വീകരിക്കാത്തത് ഓഡിറ്റ് ഗൌരവമായി കണക്കാക്കുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ കഴിയുന്ന വിധത്തിൽ ബഡ്സ് റീഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 1/21.06.2021 ന് നല്കിയ മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഐ സി ഡി എസ് സൂപ്പർവൈസറുടെ പദ്ധതികൾ മോണിറ്റർ ചെയ്യുകയും പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സജീവമായി ഇടപെടുകയും ചെയ്യുന്നുവെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ഏറ്റവും അവശ്യമായി നടപ്പാക്കേണ്ട ഇത്തരം പദ്ധതികളിൽ പ്രസ്തുത കമ്മിറ്റികൾ തങ്ങളുടെ പങ്ക് വഹിക്കാത്തതിനാലാണ് ഇപ്രകാരമുള്ള അപചയം പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സംഭവിക്കുന്നത്. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവ ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതും കുറ്റമറ്റ വിധത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതികളിലെ അപാകങ്ങൾ

### 1. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാർഗ്ഗരേഖ പാലിക്കേണ്ടതാണ്.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം 2/ 21.06.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും നടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന മറുപടി മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ; ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

### 2. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. മോണിറ്ററിംഗ് നിർവ്വഹിച്ചതിന്റെ വിശദാംശം ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം 2/ 21.06.2021 പ്രകാരം മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചതിന്റെ വിവരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയ മറുപടിയിൽ അതുസംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. പഞ്ചായത്ത് പരിധിക്കുള്ളിൽ നിന്നുതന്നെ കൃത്യമായി നടക്കാത്തതിനാലാണ് പദ്ധതി നിർവ്വഹണം കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ

മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അനിവാര്യമാണ്. ആയതിനാൽ ഇക്കാര്യം ഗൗരവത്തിലെടുക്കേണ്ടതും മോണിറ്ററിംഗ് കൃത്യമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതമാണ്.

3. പദ്ധതി പൂർത്തീകരണപത്രം തയ്യാറാക്കേണ്ടതാണ്

പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി പൂർത്തീകരണപത്രം സുലേഖയിൽ തയ്യാറാക്കണമെന്ന് 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/ തസ്വഭവ ഖണ്ഡിക 11.4 ൽ നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ പദ്ധതി രൂപീകരണപത്രം തയ്യാറാക്കിയതിന്റെ വിവരം ലഭ്യമല്ല. പദ്ധതി പൂർത്തീകരണപത്രം തയ്യാറാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട കൊടുത്ത ഓഡിറ്റ് എൻക്വയറി നം 21/.06.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന റിപ്പോർട്ട് അല്ല സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നു. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദശിച്ചിരിക്കുന്നവിധത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണം നടത്താൻ ആവശ്യമായ നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ കൈക്കൊള്ളേണ്ടതും മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ തങ്ങളുടെ കർത്തവ്യം നിറവേറ്റേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്.

4. 2019-20 ലെ എ.ബി.സി. പദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0035/20 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | 48300/-<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 48300/- |
| ബിൽ നമ്പർ | 01/19 – 20, 10-10-2019 |
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന 23 തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100 രൂപ വകയിരുത്തി തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് 48300/- രൂപ10-10-2019 ൽ കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി നം 2/ 21.06.2021 ന് ഭാവിയിൽ ഇത്തരം രേഖകൾ സൂക്ഷിക്കാമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേലിൽ വിശദാംശം സൂക്ഷിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ എ. ബി. സി. പദ്ധതി നടപ്പാക്കിത്തുടങ്ങിയ ശേഷം തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ കഴിഞ്ഞുവെന്ന് ഉറപ്പാക്കാൻ ആവശ്യമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പഞ്ചായത്തുപരിധിയിലെ തെരുവുനായ്ക്കളെ പൂർണ്ണമായി വന്ധ്യംകരിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഓഡിറ്റ് എൻക്വയറി നം 2/ 21.06.2021 വഴി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇവ തയ്യാറാക്കിയിട്ടില്ലെന്നും ഭാവിയിൽ ഇതിനുള്ള നടപടി സ്വീകരിക്കാമെന്നും ആണ് മറുപടി ലഭ്യമാക്കിയത്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-23 അസറ്റ് രജിസ്റ്റർ കാലികമല്ല.

A.പ്റോജക്ട് നം.150/19-20 ൽ ഉൾപ്പെടുത്തി ,വെളിയന്നൂർ കിടങ്ങുമ്മൽ വാർഡിൽ ഈറ്റ തൊഴിലാളികൾക്ക് സ്ഥലം വാങ്ങൽ പദ്ധതി നിർവ്വഹണത്തിനായി,പ്റമാണം നം.1514/2019/I.തീ.31-8-19 പ്രകാരം,ശ്റീ കൃഷ്ണൻ ഉണ്ണി എന്ന വ്യക്തിയിൽ നിന്ന്,74 സെൻ്റ് സ്ഥലവും,പ്റമാണ(ചെക്ക് നം-2140201 -204,) നം 1515/2019/I തീ.31-8-19 പ്രകാരം,ശ്റീമതി .ശ്റീലത.V.S. എന്ന വ്യക്തിയിൽ നിന്ന്,26 സെൻ്റ് സ്ഥലവും(ചെക്ക് നം.500174) പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്.ടി ഭൂമി,അസറ്റ രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിൻ്റെ വിശദാംശം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13)മറുപടി ലഭ്യമായില്ല.

B.പഞ്ചായത്ത് കമ്മിറ്റി തീരുമാനം,നം16 പ്രകാരം,13/5/19 ലെ തീരുമാനം നം.16 പ്റകാരം,കുടുംബശ്രീക്ക് വേണ്ടി വാങ്ങിയ ശീതീകരണ ~~സംഭരണ വാഹനം,(നം.KL~~21 S-3341) കൃഷി ഓഫീസറ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്.ടി വാഹനം,അസറ്റ രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിൻ്റെ വിശദാംശവും,ആയത് കൃഷി ഓഫീസറ്ക്ക് കൈമാറ്റം ചെയ്തപ്പോൾ ചമച്ച എഗ്രിമെൻ്റിൻ്റെ വിശദാംശവും,ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14) മറുപടി ലഭ്യമായില്ല.

മേല്പറഞ്ഞ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-24 വിനിയോഗ സാക്ഷ്യപത്റം ലഭ്യമാക്കിയില്ല.

പ്രോജക്ട് നം.148/19-20 ൽ ഉൾപ്പെടുത്തി ,തെരുവ് വിളക്കുകൾക്ക് ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി,45433 രൂപയും,(ബിൽ നം.70/19-20 തീ.22/2/20)പ്റോജക്ട് നം.149/19-20 ൽ ഉൾപ്പെടുത്തി ,പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി,23364 രൂപയും,(ചെക്ക് നം.003910-31 തീ,10/1/20) KSEB ൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്റം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16) മറുപടി ലഭ്യമായില്ല.വിനിയോഗ സാക്ഷ്യപത്റം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 3059838 | ലൈഫ് മിഷൻ (ജനറൽ)<br>സ്നേഹസ്പർശം<br>ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 2991250 | 68588 |

| | | | | | |
|---|---|---|---|---|---|
| | | | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(വനിത) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 4169247 | ലൈഫ് മിഷൻ (ജനറൽ)<br>ലൈഫ് മിഷൻ(എസ്.സി.പി)<br>സ്നേഹസ്പർശം<br>ക്ഷീരസമൃദ്ധി പാലിന് സബ്സിഡി<br>ക്ഷീരസമൃദ്ധി പാലിന് സബ്സിഡി(വനിത) | 3387250 | 781997 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 679874 | - | 679874 |
| KSEB | ഗതാഗത തടസ്സമായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 55064 | 55064 | - |
| KSEB | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന സ്ഥലത്തുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 100000 | 100000 | - |
| KSEB | തെരുവ് വിളക്ക് ലൈൻ നീട്ടൽ | 45433 | 45433 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദാംശം

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS ഭവനപദ്ധതി | 14604000 | 146040 | - | - | 146040 |
| KURDFC | | | 71656000 | 5750000 | 65906000 |
| | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 64 | 202-03 | VII-1-13(1) | സമഗ്ര പുരയിട കൃഷി സർക്കാർ പണം അനധികൃതമായി കയ്യിൽ വച്ചു. | റവന്യൂ റിക്കവറി നടപടികൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 183483111 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 161710869 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്ക്സ് |
|---|---|---|---|

| ഓഡിറ്റ് വർഷം | | | |
|---|---|---|---|
| 2000-01 | KSATVM/GP5/935/18, Dt.14.6.2018 | 4 | |
| 2001-02 | KSATVM/GP5/935/18, Dt.14.6.2018 | 2 | |
| 2002-03 | KSATVM/GP5/935/18, Dt.14.6.2018 | 7 | |
| 2003-04 | KSATVM/GP5/935/18, Dt.14.6.2018 | 9 | |
| 2004-05 | KSATVM/GP5/935/18, Dt.14.6.2018 | 19 | |
| 2005-06 | KSATVM/GP5/935/18, Dt.14.6.2018 | 15 | |
| 2006-07 | KSATVM/GP5/935/18, Dt.14.6.2018 | 6 | |
| 2007-08 | KSATVM/GP5/935/18, Dt.14.6.2018 | 2 | |
| 2008-09 | KSATVM/GP5/935/18, Dt.14.6.2018 | 2 | |
| 2009-10 | KSATVM/GP5/935/18, Dt.14.6.2018 | 8 | |
| 2010-11 | KSATVM/GP5/935/18, Dt.14.6.2018 | 25 | |
| 2011-12 | KSATVM/GP5/935/18, Dt.14.6.2018 | 6 | |
| 2012-13 | KSATVM/GP5/935/18, Dt.14.6.2018 | 9 | |
| 2013-14 | KSATVM/GP5/935/18, Dt.14.6.2018 | 7 | |
| 2014-15 | KSATVM/GP5/935/18, Dt.14.6.2018 | 11 | |
| 2015-16 | KSATVM/GP5/935/18, Dt.14.6.2018 | 21 | |
| 2016-17 | KSATVM/GP5/935/18, Dt.14.6.2018 | 23 | |
| 2017-18 | KSATVM/GP5/935/18, Dt.14.6.2018 | 38 | |
| 2018-19 | KSATVM/GP5/935/18, Dt.14.6.2018 | | |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്